കൂടാതെ കോർപ്പറേഷന്റെ വെയർഹൗസിൽ ലഭിക്കുന്ന മരുന്നുകളുടെ 10% റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ എംപാനൽ ചെയ്ത ലാബുകളിൽ അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും സ്റ്റാറ്റ്യൂട്ടറി സാമ്പിൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തിവരുന്നു.

(സി) നശിപ്പിച്ചിട്ടില്ല. എക്സ്പയറി ഡേറ്റ് കഴിഞ്ഞ ചില മരുന്നുകൾ കെട്ടിക്കിടക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അവശ്യ മരുന്നുകളുടെ വില നിയന്ത്രണം

27 (*86) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞതു മൂലമുണ്ടായിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മരുന്നുകൾക്ക് കൃത്രിമക്ഷാമം സൃഷ്ടിച്ച് അമിതവില ഈടാക്കി രോഗികളെ ചൂഷണം ചെയ്യാനുള്ള നീക്കങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) രോഗികൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ എത്തിച്ചു കൊടുക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കാനുള്ള നാഷണൽ അതോറിറ്റിയുടെ പ്രത്യേക അധികാരം കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ഔഷധ മൊത്ത വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ പരിശോധനാ വേളയിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഉറപ്പാക്കാറുണ്ട്. അവശ്യ മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടാൽ, കമ്പനി, കമ്പനിയുടെ ഡിപ്പോ മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ ലഭ്യത ഉറപ്പു വരുത്താറുണ്ട്.

(സി) നീതി, മാവേലി, കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴി രോഗികൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാണ്.

ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ

28 (*88) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടകർ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുക, വാഹനപരിശോധന കർശനമാക്കുക , പോലീസിന്റെ സേവനങ്ങൾ എന്നിവയ്ക്കായി കൂടുതൽ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) തീർത്ഥാടകർക്ക് ആരോഗ്യ സേവനങ്ങളും, ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2014-15 മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെപ്പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly